(ബി) അനുമതി നൽകുന്നതിനുള്ള കാലതാമസമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) അനുവദിച്ചിരിക്കുന്ന ഫണ്ട് ലാപ്സാകുന്നതിന് മുൻപ് അനുമതി നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കട്ടച്ചിറ, കുറുമ്പൻമൂഴി ആദിവാസി കോളനികൾ വൈദ്യുതീകരിക്കാനുള്ള അപേക്ഷ സർക്കാർ പരിഗണനയിലാണ്.

(ബി) കട്ടച്ചിറ, കുറുമ്പൻമൂഴി എന്നീ ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിനായുള്ള അപേക്ഷ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന വിവരങ്ങൾ ഇല്ലാത്തതിനാൽ തിരിച്ചയയ്ക്കുകയും തുടർന്ന് പുതുക്കി നൽകിയ അപേക്ഷ ഇപ്പോൾ പരിശോധിച്ചുവരികയാണ്.

(സി) അനുമതി നൽകേണ്ടത് കേന്ദ്ര സർക്കാരാണ്. അപേക്ഷ പരിശോധിച്ച് എത്രയും വേഗം കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്.

ഗവൺമെന്റ് പ്രസ്സുകളിലെ ഓഫ്സെറ്റ് പ്രിന്റിംഗ്, റീപ്രൊഡക്ഷൻ എന്നിവയിലെ തസ്തികകൾ

94 [2704] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. പ്രസ്സുകളിലെ ഓഫ്സെറ്റ് പ്രിന്റിംഗ്, റീപ്രൊഡക്ഷൻ എന്നീ വിഭാഗങ്ങളിൽ ഏതെല്ലാം തസ്തികകൾ നിലവിലുണ്ട്;

(ബി) ഈ തസ്തികകൾ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II തസ്തികയിലേക്ക് യോഗ്യതയും നിയമന രീതിയും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഡി.പി.ടി. (ഓഫ്സെറ്റ്), ഡി.പി.ടി. (ലിത്തോഗ്രാഫി), ഡി.പി.ടി. (ലെറ്റർ പ്രസ്സ്) ഇവയിൽ ഏതാണ് ഈ തസ്തികയ്ക്ക് അനുയോജ്യമായ മിനിമം യോഗ്യതയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഡി. പി. ടി. (ലെറ്റർ പ്രസ്സ്) എന്നത് ഡി. പി. ടി. (ഓഫ്സെറ്റ്) അഥവാ ഡി.പി.ടി. (ലിത്തോഗ്രാഫി) എന്നിവയ്ക്ക് തുല്യമാണെന്ന് സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II തസ്തികയിലെ നിയമനത്തിന് ഡി.പി.ടി. (ലെറ്റർ പ്രസ്സ്) മാത്രം ഉള്ളവരെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വിഭാഗങ്ങളിലെ നിലവിലുള്ള തസ്തികകൾ അനുബന്ധം (ഒന്ന്) ആയി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. ടി തസ്തികകളുംകൂടെ ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II തസ്തികയുടെ യോഗ്യത 16.7.1987-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 202/87/ഉവിവ. പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്. †

(ഡി) അനുബന്ധം രണ്ടിലെ യോഗ്യതകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ളതിനാൽ മറ്റ് യോഗ്യതകളുമായി താരതമ്യപ്പെടുത്തേണ്ട ആവശ്യം ഉദിക്കുന്നില്ല.

(ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഈ തസ്തികയിലെ നിയമനത്തിന് അനുബന്ധം രണ്ടിൽ സൂചിപ്പിച്ചിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഒരേ റൂട്ടിൽ ഒരേ ക്ലാസിൽ വ്യത്യസ്ത നിരക്ക് ഈടാക്കൽ

95 [2705] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷനിൽ എൻജിനീയറിംഗ് ഡിസ്റ്റൻസ് അനുസരിച്ച് ടിക്കറ്റ് നിരക്ക് കുറച്ച് പുതുക്കി നിശ്ചയിച്ച് ഉത്തരവായത് എന്നുമുതൽക്കാണെന്ന് അറിയുമോ;

(ബി) കമ്പ്യൂട്ടറൈസ്ഡ് ടിക്കറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേഷനുകളിൽ ഇപ്പോഴും പഴയ നിരക്ക് ഈടാക്കിവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം—തിരുവല്ല റൂട്ടിൽ എക്സ്പ്രസ് ട്രെയിനുകളിൽ രണ്ടാംക്ലാസിൽ യാത്ര ചെയ്യുന്നതിന് തിരുവല്ലയിൽ നിന്നും ടിക്കറ്റെടുക്കുമ്പോൾ 45 രൂപയും തിരുവനന്തപുരം സ്റ്റേഷനിൽ നിന്നും ടിക്കറ്റെടുക്കുമ്പോൾ 46 രൂപയും ഈടാക്കിവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം കഴിഞ്ഞ ഏതാനും മാസങ്ങളായി തിരുവനന്തപുരം സ്റ്റേഷനിൽ നിന്നും ടിക്കറ്റെടുക്കുന്ന ആയിരക്കണക്കിന് യാത്രക്കാരിൽ നിന്നും റെയിൽവേ ഈടാക്കിവരുന്ന അധിക തുക തിരികെ നൽകുന്നതിനോ നഷ്ടപരിഹാരം നൽകുന്നതിനോ റെയിൽവേയോട് ആവശ്യപ്പെടാൻ തയ്യാറാകുമോ;

(ഇ) ഒരേ റൂട്ടിൽ ഒരേ ക്ലാസ്സിൽ വ്യത്യസ്ത നിരക്ക് ഈടാക്കുന്നതിനുള്ള കാരണം എന്താണെന്നന്വേഷിച്ചറിയിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly